# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2207 11/02/2020-ൽ മറുപടിയ്ക്ക്
### കുട്ടികൾ വിശപ്പടക്കാൻ മണ്ണ് തിന്നതായ വാർത്ത

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.സി.ജോസഫ്<br>,, എ.പി. അനിൽ കുമാർ<br>,, അൻവർ സാദത്ത്<br>,, അനിൽ അക്കര | | കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ - ശിശു വികസനവും വകുപ്പ മന്ത്രി) |
| എ) സംസ്ഥാനം എല്ലാ രംഗത്തും ഒന്നാമതാണെന്ന് അവകാശപ്പെടുമ്പോഴും കൈതമുക്കിൽ റെയിൽവേ പുറമ്പോക്കിൽ താമസിക്കുന്ന കുടുംബത്തിലെ കുട്ടികൾ വിശപ്പടക്കുവാൻ മണ്ണ് തിന്നേണ്ടി വന്നുവെന്ന വാർത്ത സർക്കാർ അവകാശ വാദങ്ങൾക്ക് തിരിച്ചടിയായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വിശദമാക്കാമോ; | (എ) യും | തിരുവനന്തപുരം കൈതമുക്കിൽ റെയിൽവേ പുറമ്പോക്കിൽ താമസിക്കുന്ന കുടുംബത്തിലെ കുട്ടികൾ വിശപ്പടക്കാൻ മണ്ണുതിന്നുവെന്ന വാർത്ത തെറ്റാണെന്ന് ചൈൽഡ് വെൽഫെയർ കമ്മിറ്റിയും കേരള സംസ്ഥാന ബാലാവകാശ കമ്മീഷനും നടത്തിയ വിശദമായ അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. |
| (ബി) ഈ വിഷയം സമൂഹത്തിൽ നിലനിൽക്കുന്ന ദുരിതപൂർണ്ണമായ വസ്തുതകളെ വെളിച്ചത്ത് കൊണ്ടുവരുവാൻ വഴി വെച്ചുവെന്ന് വിലയിരുത്തുന്നുണ്ടോ; | (ബി) യും | |
| (സി) കുട്ടികൾ വിശപ്പടക്കാൻ മണ്ണ് തിന്നതായി നേരിട്ട് ബോധ്യപ്പെട്ടതായി സംസ്ഥാന ശിശുക്ഷേമസമിതി ജനറൽ സെക്രട്ടറി ചൂണ്ടികാണിച്ചിരുന്നോ; | (സി) യും | ഇല്ല. തണൽ 1517 ടോൾ ഫ്രീ നമ്പറിൽ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ സമിതി ഉദ്യോഗസ്ഥർ സ്ഥലത്തെത്തി പ്രാഥമിക അന്വേഷണം നടത്തിയതിന്റേയും കുട്ടികളുടെ അമ്മ സമർപ്പിച്ച അപേക്ഷയുടേയും |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിലാണ് സംസ്ഥാന ശിശുക്ഷേമ സമിതി നടപടികൾ സ്വീകരിച്ചത്. സംസ്ഥാന ശിശു ക്ഷേമ സമിതിയുടെ നിയമാവലി ചട്ടം 55(b) അനുസരിച്ച് രാജിവെക്കുന്നതായി ജനറൽ സെക്രട്ടറി അറിയിച്ചിരുന്നു. |
| (ഡി) | അതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന് തന്റെ സ്ഥാനം രാജി വെക്കേണ്ട അവസ്ഥയുണ്ടായോ; | (ഡി) | യും |
| (ഇ) | കുട്ടികളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചത് എന്ന് വെളിപ്പെടുത്തുമോ? | (ഇ) | ചൈൽഡ് വെൽഫെയർ കമ്മിറ്റി 6 കുട്ടികളെയും മാതാവ് ശ്രീദേവിയെയും പുനലാൽ ഡെയ്ൽ വ്യൂ ഹോമിലേക്ക് മാറ്റി പാർപ്പിക്കുകയും വിദ്യാഭ്യാസം ഉൾപ്പെടെയുള്ള പുനരധിവാസ സംവിധാനം ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. ശ്രീദേവിയുടെയും കുട്ടികളുടെയും പുനരധിവാസത്തിന് തിരുവനന്തപുരം കോർപ്പറേഷൻ മേയർ വാഗ്ദാനം ചെയ്ത ഫ്ലാറ്റ് ഫെബ്രുവരി അവസാനത്തോടെ കൈമാറുമെന്ന് കോർപ്പറേഷനിൽ നിന്നും അറിയാൻ സാധിച്ചു. ഫ്ലാറ്റ് ലഭിക്കുന്ന മുറയ്ക്ക് മാതാവിനെയും കുട്ടികളേയും ഫ്ലാറ്റിലേക്ക് മാറ്റി താമസിപ്പിക്കുമെന്ന് ചൈൽഡ് വെൽഫെയർ കമ്മിറ്റി അറിയിച്ചു. ശ്രീദേവിക്ക് ജോലി നൽകുന്നതിനായി തിരുവനന്തപുരം കോർപ്പറേഷനിൽ നിന്നും ഓർഡർ നൽകിയിട്ടുണ്ട്. എന്നാൽ നിലവിൽ താമസിപ്പിക്കുന്ന സ്ഥലത്തു നിന്നും ജോലിക്ക് പോയി വരാനുള്ള ബുദ്ധിമുട്ട് ടിയാൾ അറിയിച്ചതിനാൽ ഫ്ലാറ്റ് ലഭിച്ചതിനുശേഷം ടിയാൾക്ക് ജോലി നൽകാമെന്ന് തിരുവനന്തപുരം കോർപ്പറേഷനിൽ നിന്നും ഉറപ്പ് നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**